ഹദീസ്
29

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا، قَوْمٌ مَعَهُمْ سِيَاطٌ كَأَذْنَابِ الْبَقَرِ يَضْرِبُونَ بِهَا النَّاسَ، وَنِسَاءٌ كَاسِيَاتٌ عَارِيَاتٌ مُمِيلاَتٌ مَائِلاَتٌ، رُؤُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ، لاَ يَدْخُلْنَ الْجَنَّةَ، وَلاَ يَجِدْنَ رِيحَهَا، وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا- رواه مسلم

അബൂഹുറൈറ ﵁ നിവേദനം. നബി ﷺ പറഞ്ഞു: നരകത്തിലെ രണ്ട് വിഭാഗങ്ങൾ! ഞാൻ അവരെ കണ്ടിട്ടില്ല. ഒരു വിഭാഗം, അവരുടെ കയ്യിൽ പശുക്കളുടെ വാലുകൾ പോലെയുള്ള ചാട്ടവാറുകൾ ഉണ്ട്. അവർ അവ കൊണ്ട് ജനങ്ങളെ അടിക്കുന്നവരാണ്. (വേറൊരു വിഭാഗം) വസ്ത്രം ധരിച്ചിട്ടും നഗ്നരായിരിക്കുന്ന, സ്വയം വഴിതെറ്റിയവരും മറ്റുള്ളവരെ വഴിതെറ്റിക്കുന്നവരുമായ സ്ത്രീകളാണ്. അവർ ഒരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല, അതിന്റെ സുഗന്ധം പോലും അനുഭവിക്കുകയില്ല. എന്നാൽ, ഈ സുഗന്ധം ഇത്രയധികം (വളരെയേറെ) ദൂരെ നിന്ന് പോലും അനുഭവപ്പെടും.

വിവരണം

➢ നരകക്കാരായ രണ്ട് വിഭാഗങ്ങളെ കുറിച്ചാണ് ഈ ഹദീസ് അറിയിക്കുന്നത്. അവ:

❋ ജനങ്ങളെ ദ്രോഹിക്കുന്ന ഒരു വിഭാഗം.

❋ വഴിതെറ്റുകയും മറ്റുള്ളവരെ വഴി തെറ്റിക്കുകയും ചെയ്യുന്ന ഒരു വിഭാഗം സ്ത്രീകൾ.

എന്നിവരാണ്.

ഈ രണ്ട് വിഭാഗങ്ങളെയും നബി ﷺ കണ്ടിട്ടില്ല. അഥവാ ആ കാലത്ത് ഈ രണ്ട് വിഭാഗങ്ങൾ ഉടലെടുത്തിട്ടില്ല.

ഇതിൽ ഒന്നാമത്തെ വിഭാഗം ജനങ്ങളെ ദ്രോഹിക്കുന്നവരാണ്. ഭരണാധികാരികളോ, മറ്റുള്ളവരോ ആരായാലും അന്യായമായി ജനങ്ങളെ ദ്രോഹിക്കുന്നവർ എല്ലാം ഈ ഗണത്തിൽ പെടും.

ജനങ്ങളെ അന്യായമായി ദ്രോഹിക്കാൻ ആർക്കും പാടില്ല. അത് നരകം ലഭിക്കാനുള്ള മാർഗ്ഗമായിത്തീരും.

രണ്ടാമത്തെ വിഭാഗം: ഒരുകൂട്ടം സ്ത്രീകളാണ്. അവരുടെ പ്രത്യേകത അവർ വസ്ത്രം ധരിച്ചിട്ടും നഗ്നത പ്രദർശിപ്പിക്കുന്നവരാണ് എന്നാണ്.

كاسيات عاريات എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ധാരാളം ലഭിച്ചവരും എന്നാൽ അതിനുള്ള നന്ദി കാണിക്കുന്നതിൽ കുറവ് വരുത്തുന്നവരും ആണ് എന്നും പണ്ഡിതൻമാർ വിശദീകരണം നൽകിയിട്ടുണ്ട്.

വസ്ത്രം ധരിച്ചിട്ടും വിവസ്ത്രരായി നടക്കുന്ന സ്ത്രീകളുണ്ട്. ശരീരഭാഗങ്ങൾ കാണുന്ന വിധം നേർത്തതോ, ഇടുങ്ങിയതോ, വലിപ്പമില്ലാത്തതോ ആയ വസ്ത്രങ്ങൾ ധരിക്കുന്നവരാണ് അവർ.

അവർ വഴിതെറ്റിയവരും മറ്റുള്ളവരെ വഴി തെറ്റിക്കുന്നവരുമായ സ്ത്രീകളാണ്. അവർ അവരുടെ

സൗന്ദര്യം പ്രകടിപ്പിച്ച് ചാഞ്ഞും ചെരിഞ്ഞും നടക്കുന്നവരായിരിക്കും.

ഇങ്ങനെയുള്ള സ്ത്രീകൾക്ക് സ്വർഗ്ഗം ലഭിക്കുകയില്ല. സ്വർഗ്ഗത്തിന്റെ പരിമളം പോലും അവർക്ക് ലഭിക്കില്ല.

സ്വർഗ്ഗത്തിന്റെ പരിമളം എഴുപത് വർഷത്തെ വഴിദൂരം വരെ എത്തുന്നതായിരിക്കും.